ജുമൈൽ കൊടിഞ്ഞി
jumailpp@gmail.com

# ജീവിതം മൃദുലമാക്കുക

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا قَالَتْ: قَالَ رَسُولُ اللَّهِ ﷺ: إِنَّ اللَّهَ رَفِيقٌ يُحِبُّ الرِّفْقَ، وَيُعْطِي عَلَى الرِّفْقِ مَا لَا يُعْطِي عَلَى الْعُنْفِ، وَمَا لَا يُعْطِي عَلَى مَا سِوَاهُ (مسلم)

**പ്രവാചകൻ (സ) പറഞ്ഞതായി ആഇശ (റ) നിവേദനം ചെയ്യുന്നു: "അല്ലാഹു നൈർമല്യമുള്ളവനാണ്. അവൻ നൈർമല്യം ഇഷ്ട പ്പെടുന്നു. കാർക്കശ്യം കൊണ്ടും മറ്റെന്തുകൊണ്ടും നേടിത്തരാത്തത് അവൻ നൈർമല്യം കൊണ്ട് നേടിത്തരും." (മുസ്‌ലിം)**

മനുഷ്യന്റെ ഇഹലോക ജീവിതം പരീക്ഷണമാണ്. ആരാണ് കൂടുതൽ നന്നായി ഇഹലോകത്തെയും അതിൽ തന്നോട് ഇടപെടുന്നവരെയും ചുറ്റുപാടിനെയും പരിചരിക്കുന്നതെന്നതാണ് ഇവിടെയുള്ള പരീക്ഷണം. ജീവിതവും മരണവുമെല്ലാം, അഥവാ മനുഷ്യന്റെ സൃഷ്ടിപ്പിന്റെ തന്നെ യുക്തി അതാണ് (*അൽമുൽക്* 2). ഇവിടെ അല്ലാഹു ഉപയോഗിച്ചിട്ടുള്ള വാക്ക് 'അഹ്സൻ' സൗന്ദര്യത്തെയും നൈർമല്യത്തെയും സൂചിപ്പിക്കുന്നതാണ്. ഈ വാക്കിന് പ്രസ്തുത അർഥത്തിന്റെ ഉന്നതി എന്ന ആശയമാണുള്ളത്. മനുഷ്യനെ സൃഷ്ടിച്ച സുന്ദരവും മൃദുലവുമായ രൂപത്തെ സൂചിപ്പിക്കാൻ ഈ വാക്ക് അല്ലാഹു ഉപയോഗിച്ചിട്ടുണ്ട് (*അത്തീൻ* 4). ആരെങ്കിലും തന്നോട് അക്രമം പ്രവർത്തിച്ചാൽ അവരോട് ഏറ്റവും മുദുവായി പ്രതികരിച്ചാൽ അവർ കൂട്ടുകാരായി മാറുമെന്ന മധുരിക്കുന്ന പ്രതികാരത്തെക്കുറിച്ച് പഠിപ്പിക്കാൻ അല്ലാഹു ഉപയോഗിച്ച വാക്കും ഇതാണ് (*ഫുസ്സിലത്ത്* 34). ഇനി ആരെങ്കിലും തന്നെ അഭിവാദ്യം ചെയ്താൽ അതിനേക്കാൾ ഹൃദ്യമായി പ്രത്യഭിവാദ്യം ചെയ്യാൻ അല്ലാഹു പ്രേരിപ്പിച്ചതും ഇതേ വാക്കുകൾ ഉപയോഗിച്ചാണ് (*അന്നിസാഅ്* 86). മനുഷ്യജീവിതത്തിലെ പല നിർണായക സന്ദർഭങ്ങളിലും പെരുമാറുന്നതിന്റെയും കൈകാര്യം ചെയ്യുന്നതിന്റെയും രീതിയും ശൈലിയും പഠിപ്പിക്കാൻ ഖുർആനും സുന്നത്തും മറ്റു സ്ഥലങ്ങളിലും ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട്.

മനുഷ്യജീവിതത്തിൽ കാർക്കശ്യവും കാഠിന്യവും കാരണം പ്രശ്നങ്ങളും പ്രയാസങ്ങളുമാണ് ഉണ്ടാവുക. എല്ലാവരുടെയും ജീവിതാനുഭവമാണിത്. ദീനിന്റെയും മര്യാദയുടെയും കാര്യങ്ങളിൽ പിടിവാശിയുള്ള ഒരാളുടെ പെരുമാറ്റം കൊണ്ട് ചുറ്റുമുള്ളവർക്ക് പ്രശ്നങ്ങളും പ്രയാസങ്ങളും മാത്രമാണുണ്ടാവുക. അയാൾക്ക് താൻ ചെയ്യുന്നത് വലിയ ഭക്തിയാണെന്നു തോന്നാം. പക്ഷേ പ്രാഥമികമായി ഒരാളുടെ ഭയഭക്തികൊണ്ട് ആളുകൾക്ക് കിട്ടേണ്ടത് ഉപകാരങ്ങളും സന്തോഷവുമാണ്. അതാണല്ലോ പരിശുദ്ധ വചനത്തിന്റെ ഉദാഹരണത്തിലൂടെ അല്ലാഹു സൂചിപ്പിക്കുന്നത് (*ഇബ്റാഹീം* 24,25). ആ ഉപകാരങ്ങൾ ലഭ്യമാക്കാൻ ഇത്തരം അതിസൂക്ഷ്മതകൾകൊണ്ട് സാധിക്കില്ല. തന്റെ ഭയഭക്തികൊണ്ടും സൂക്ഷ്മതകൊണ്ടും കുടുംബക്കാരടക്കമുള്ള തന്റെ ചുറ്റുമുള്ളവർക്ക് പ്രയാസങ്ങളാണ് ഉണ്ടാവുന്നതെങ്കിൽ അത്തരം തഖ്‌വയെ കുറിച്ച് നാം പുനരാലോചന നടത്തണമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

പ്രവാചകന്റെ ജീവിതത്തിൽ ആളുകൾ പ്രവാചകനിൽനിന്ന് പിരിഞ്ഞുപോകാതിരിക്കാൻ കാരണമായി അല്ലാഹു എടുത്തുപറഞ്ഞ ഗുണമാണ് നൈർമല്യവും മൃദുത്വവും. അല്ലാഹു പറയുന്നത് കാണുക: ''അല്ലാഹുവിന്റെ കാരുണ്യം കാരണമാണ് നീ അവരോട് സൗമ്യനായത്. നീ പരുഷപ്രകൃതനും കഠിനമനസ്കനുമായിരുന്നെങ്കിൽ നിന്റെ ചുറ്റുനിന്നും അവരൊക്കെയും പിരിഞ്ഞുപോകുമായിരുന്നു. അതിനാൽ നീ അവർക്ക് മാപ്പേകുക. അവരുടെ പാപമോചനത്തിനായി പ്രാർഥിക്കുക. കാര്യങ്ങൾ അവരുമായി കൂടിയാലോചിക്കുക. അങ്ങനെ നീ തീരുമാനമെടുത്താൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തീർച്ചയായും അല്ലാഹു തന്നിൽ ഭരമേൽപിക്കുന്നവരെ ഇഷ്ടപ്പെടുന്നു'' (*ആലുഇംറാൻ* 159). ഇപ്രകാരം അല്ലാഹു പ്രവാചകന് കനിഞ്ഞരുളിയ സൗമ്യതയെന്ന ഗുണം ജീവിതത്തിൽ പകർത്തിയാൽ മാത്രമേ നമുക്ക് ജീവിതത്തിന്റെ വിവിധ മേഖലകളിൽ ആളുകൾക്ക് സന്തോഷം പകരാനാകൂ.

മനുഷ്യജീവിതത്തിന്റെ ഓരോ മേഖലയിലും അവന്റെ സൗമ്യതയും നൈർമല്യവും ഗുണം ചെയ്യുമെന്ന് അല്ലാഹുവും അവന്റെ തിരുദൂതരും പഠിപ്പിക്കുന്നുണ്ട്. പ്രവാചകൻ പറഞ്ഞു: ''സൗമ്യത ഒരു കാര്യത്തിലുണ്ടെങ്കിൽ ആ കാര്യം ഭംഗിയുള്ളതാകും. ഏതെങ്കിലും

കാര്യത്തിൽനിന്ന് സൗമ്യത എടുത്തുമാറ്റപ്പെട്ടാൽ ആ കാര്യം ദുഷിച്ചുപോവുകയും ചെയ്തു'' (മുസ്‌ലിം). ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഇസ്‌ലാം സൗമ്യതയെന്ന ഗുണത്തിന്റെ പ്രാധാന്യം പഠിപ്പിക്കുന്നുണ്ട്. സംസ്‌കരണവും ദീനിന്റെ പരിശീലനവുമെല്ലാം നൈർമല്യത്തോടെ ചെയ്യണമെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു: ''നിശ്ചയം, ഈ ദീൻ ഉറപ്പുള്ളതാണ്. അതിനാൽ നീ ഇത് നൈർമല്യത്തോടെ ജീവിതത്തിൽ നടപ്പാക്കുക'' (അഹ്മദ്, നസാഈ).

വിശ്വാസിയുടെ സുപ്രധാനമായ ഉത്തരവാദിത്തമാണ് നന്മ കൽപിക്കലും തിന്മ വിരോധിക്കലും. അതിലും സൗമ്യതയും മൃദുലതയും ഇല്ലാതിരുന്നാൽ തിന്മകൾ വർധിക്കുകയേ ചെയ്യൂ, ഒരിക്കലും കുറയില്ല. അതാണ് പള്ളിയിൽ മൂത്രമൊഴിച്ച ഗ്രാമീണ അറബിയെക്കുറിച്ചുള്ള ഹദീസിലൂടെ പ്രവാചകൻ പഠിപ്പിക്കുന്നത്. 'എളുപ്പമുണ്ടാക്കാനാണ്, പ്രയാസമുണ്ടാക്കാനല്ല നിങ്ങളെ അയച്ചിരിക്കുന്നത്' (ബുഖാരി, മുസ്‌ലിം) എന്നാണ് പ്രവാചകൻ അവിടെ പറയുന്നത്.

ഏതെങ്കിലും ഉത്തരവാദിത്തം ഏൽപ്പിക്കപ്പെടുന്നവരും സൗമ്യത പുലർത്തേണ്ടതുണ്ടെന്ന് പ്രവാചകൻ പഠിപ്പിച്ചു. കുടുംബത്തിലെ ഗൃഹനാഥനെന്ന ഉത്തരവാദിത്തം മുതൽ സംസ്‌കരണ ഉത്തവാദിത്തം, സംഘടനാ ചുമതലകൾ എല്ലാം ഇതിന്റെ പരിധിയിൽ വരും. പ്രവാചകന്റെ ഒരു പ്രാർഥന ആഇശ (റ) നിവേദനം ചെയ്യുന്നു: ''അല്ലാഹുവേ, എന്റെ സമുദായത്തിന്റെ വല്ല കാര്യത്തിലും ഒരാൾ ഉത്തരവാദിത്തമേൽപ്പിക്കപ്പെടുകയും അവൻ അവരോട് കർക്കശമായി പെരുമാറുകയുമാണെങ്കിൽ നീ അവനോടും കർക്കശമായി പെരുമാറണേ. അവരോട് സൗമ്യമായി പെരുമാറുകയാണെങ്കിൽ അവനോട് നീ സൗമ്യമായി പെരുമാറണേ!'' (മുസ്‌ലിം).

പ്രവാചകനെക്കുറിച്ച് വീട്ടിൽ ഏറ്റവും നന്നായി പെരുമാറുന്നവനെന്നായിരുന്നു ഭാര്യമാർ പറയാറുണ്ടായിരുന്നത്. സംസ്‌കരണത്തിന്റെയും തർബിയത്തിന്റെയും കാരണങ്ങൾ പറഞ്ഞ് വീട്ടിലുള്ളവരെ ബുദ്ധിമുട്ടിക്കുന്നവർ അതൊരിക്കലും അവരെ നേർവഴിയിലാക്കില്ലെന്നും കൂടുതൽ അകൽച്ചക്കാണ് കാരണമാക്കുകയെന്നും മനസ്സിലാക്കണം. പ്രവാചകൻ പറഞ്ഞു: ''ആരെങ്കിലും വീട്ടുകാരോട് മൃദുലമായി പെരുമാറിയാൽ അത് അവർക്ക് ഗുണം ചെയ്യും'' (ത്വബറാനി). 'ഏതെങ്കിലും വീട്ടുകാർക്ക് അല്ലാഹു നന്മ ഉദ്ദേശിക്കുന്നുവെങ്കിൽ അവരിൽ അല്ലാഹു സൗമ്യത നിറക്കും' എന്നും ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. ചുറ്റുമുള്ള സഹജീവികളോടും മൃഗങ്ങളോടും പരിസ്ഥിതിയോടുമൊക്കെ ഈ സൗമ്യത ഉണ്ടാവണം. കാർക്കശ്യവും അതിസൂക്ഷ്മതയും ഒരാളുടെ വ്യക്തിജീവിതത്തിലും അവനും അല്ലാഹുവും തമ്മിലുള്ള രഹസ്യബന്ധത്തിലുമാണ് ഉണ്ടാവേണ്ടത്. തന്റെ ഇണയെയും അടുത്തവരെയും ബാധിക്കുന്ന വ്യക്തിജീവിതത്തിന്റെ ഭാഗങ്ങളിൽ പോലും അവൻ വിശാലതയും മൃദുത്വവും പുലർത്തണം. ഈ യാഥാർഥ്യത്തിലേക്കാണ് അബുദ്ദർദാഅ് എന്ന സ്വഹാബിയിലേക്ക് ചേർക്കപ്പെടുന്ന ഒരു വചനം വിരൽചൂണ്ടുന്നത്. അദ്ദേഹം പറഞ്ഞു: ''ജീവിതത്തിൽ നൈർമല്യം പുലർത്തുകയെന്നത് ഒരാളുടെ ഫിഖ്ഹിന്റെ ഭാഗമാണ്.'' അതുകൊണ്ടാണ് അല്ലാഹു നൈർമല്യം ഇഷ്ടപ്പെടുന്നുവെന്നും തന്റെ അടിമ ആ ഗുണം ജീവിതശൈലിയാക്കുന്നത് അവൻ ഇഷ്ടപ്പെടുന്നുവെന്നും പ്രവാചകൻ (സ) പഠിപ്പിക്കുന്നത്. ●